പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 258 29-10-2026-ൽ മറുപടിയ്ക്ക്

**ലൈഫ് എക്സ്പീരിയൻസ് ടെയിൽസ് കേരള പദ്ധതി**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ**

ശ്രീ. വി. പി. സജീന്ദ്രൻ

ശ്രീ. ജ്യോതികുമാർ ചാമക്കാല

ശ്രീ. സുമേഷ് അച്യുതൻ

**മറുപടി നൽകിയ മന്ത്രി**

ശ്രീ. പി. സി. വിഷ്ണുനാഥ്

(വിനോദസഞ്ചാര - സാംസ്കാരിക വകുപ്പ് മന്ത്രി)

**(എ)** കേരളത്തിലെ ഗ്രാമീണ ജീവിതരീതികൾ, പരമ്പരാഗത തൊഴിൽമേഖലകൾ, കാർഷിക സംസ്കാരം, തനത് ഭക്ഷണരീതികൾ, കലകൾ, കരകൗശലവിദ്യകൾ എന്നിവ വിനോദസഞ്ചാരികൾക്ക് നേരിട്ട് അനുഭവിച്ചറിയാൻ അവസരമൊരുക്കുന്ന ലൈഫ് എക്സ്പീരിയൻസ് ടെയിൽസ് കേരള പദ്ധതി സംസ്ഥാനത്ത് നടപ്പാക്കിവരുന്നുണ്ടോ; വിശദമാക്കാമോ;

**മറുപടി:** ഉണ്ട്. കേരളത്തിലെ ഗ്രാമീണ ജീവിതരീതികൾ, പരമ്പരാഗത തൊഴിൽമേഖലകൾ, കാർഷിക സംസ്കാരം, തനത് ഭക്ഷണരീതികൾ, കലകൾ, കരകൗശലവിദ്യകൾ എന്നിവ വിനോദസഞ്ചാരികൾക്ക് നേരിട്ട് അനുഭവിച്ചറിയാൻ അവസരമൊരുക്കുന്ന ലൈഫ് എക്സ്പീരിയൻസ് ടെയിൽസ് കേരള പദ്ധതി കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റി മുഖേന സംസ്ഥാനത്ത് നടപ്പാക്കിവരുന്നു. സംസ്ഥാന സർക്കാരിന്റെ 100 ദിന കർമ്മപരിപാടിയിൽ ഉൾപ്പെടുത്തിയ ഈ പദ്ധതിയുടെ ഭാഗമായി വയനാട്, തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, ഇടുക്കി, എറണാകുളം, മലപ്പുറം, കോഴിക്കോട്, കാസർഗോഡ് തുടങ്ങിയ ജില്ലകളിൽ വിവിധ അനുഭവാധിഷ്ഠിത ടൂറിസം ടെയിലുകൾ വികസിപ്പിച്ചിട്ടുണ്ട് . പ്രാദേശിക ജനവിഭാഗങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കുക, ഗ്രാമീണ സമ്പദ്വ്യവസ്ഥ ശക്തിപ്പെടുത്തുക, കർഷകർ, വനിതകൾ, യുവജനങ്ങൾ, കരകൗശല തൊഴിലാളികൾ എന്നിവർക്ക് തൊഴിലും വരുമാനവും സൃഷ്ടിക്കുക എന്നിവയാണ് പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ. പദ്ധതിയുടെ ഭാഗമായി ടെയിലുകളുടെ ബുക്കിങ്ങിനായി

കേരള ടൂറിസം വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിലും സൗകര്യം ഒരുക്കിയിട്ടുണ്ട്.

**(ബി)** പ്രസ്തുത പദ്ധതിയിലൂടെ കേരളത്തിന്റെ തനത് സംസ്കാരവും പൈതൃകവും സംരക്ഷിക്കുന്നതിനും ഗ്രാമീണ വിനോദസഞ്ചാരത്തെ പ്രോത്സാഹിപ്പിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ ഏതെല്ലാം പ്രദേശങ്ങളെയാണ് വിനോദസഞ്ചാര അനുഭവപാതകളായി വികസിപ്പിച്ചുവരുന്നത്; അവയുടെ പ്രധാന സവിശേഷതകൾ എന്തെല്ലാമാണ്; വിശദമാക്കാമോ;

**മറുപടി:** ഗ്രാമീണ ജീവിതരീതികൾ, പരമ്പരാഗത തൊഴിൽമേഖലകൾ, കാർഷിക പ്രവർത്തനങ്ങൾ, തനത് ഭക്ഷണരീതികൾ, കലകൾ, കരകൗശലവിദ്യകൾ, പ്രകൃതിയുമായി ബന്ധപ്പെട്ട അനുഭവങ്ങൾ എന്നിവ വിനോദസഞ്ചാരികൾക്ക് നേരിട്ട് അനുഭവിച്ചറിയാൻ അവസരമൊരുക്കുകയാണ് പദ്ധതിയുടെ ലക്ഷ്യം. ഇതിലൂടെ പ്രാദേശിക ജനവിഭാഗങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിനും കർഷകർ, വനിതകൾ, യുവജനങ്ങൾ, കരകൗശല തൊഴിലാളികൾ തുടങ്ങിയവർക്ക് തൊഴിലും വരുമാനവും വർധിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. വയനാട്, തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, ഇടുക്കി, എറണാകുളം, മലപ്പുറം, കോഴിക്കോട്, കാസർഗോഡ് എന്നീ ജില്ലകളിൽ വിവിധ അനുഭവപാതകൾ വികസിപ്പിച്ചിട്ടുണ്ട്. വയനാട്ടിലെ തിരുനെല്ലി ടെയിലിൽ ഗോത്രവർഗ സംസ്കാരം, വനാനുഭവങ്ങൾ, ക്ഷേത്രസന്ദർശനം, ഗ്രാമീണ ജീവിതം എന്നിവയും ചേകാടി കോഫി ടെയിലിൽ കാപ്പിക്കൃഷി, നെൽകൃഷി, കാർഷിക പൈതൃകം എന്നിവയും ഉൾപ്പെടുന്നു.

**(സി)** ഗ്രാമീണ മേഖലയിലെ സ്ത്രീകളുടെയും യുവാക്കളുടെയും പങ്കാളിത്തം ഉറപ്പാക്കുന്നതിനും പ്രാദേശിക സംരംഭകരുടെ ഉല്പന്നങ്ങൾക്കും സേവനങ്ങൾക്കും വിപണി കണ്ടെത്തുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്;

**മറുപടി:** ഗ്രാമീണ മേഖലയിലെ സ്ത്രീകളുടെയും യുവാക്കളുടെയും പങ്കാളിത്തം ഉറപ്പാക്കുന്നതിനും പ്രാദേശിക സംരംഭകരുടെ ഉൽപ്പന്നങ്ങൾക്കും സേവനങ്ങൾക്കും വിപണി കണ്ടെത്തുന്നതിനുമായി വകുപ്പ് വിവിധ നടപടികൾ സ്വീകരിച്ചുവരുന്നു. സ്ത്രീകൾക്കും യുവാക്കൾക്കും ടൂറിസം സംരംഭങ്ങൾ ആരംഭിക്കുന്നതിനായി പരിശീലനവും നൈപുണ്യവികസനവും പ്രോത്സാഹനവും നൽകുന്നു. വനിതാ സൗഹൃദ

ടൂറിസം പദ്ധതി, കാർഷിക ടൂറിസം ശൃംഖല, തനത് ഭക്ഷണാനുഭവ പദ്ധതി, കരകൗശല-പ്രാദേശിക കലാ സംരംഭങ്ങൾ എന്നിവയിലൂടെ പ്രാദേശിക ജനവിഭാഗങ്ങൾക്ക് വരുമാനമാർഗങ്ങൾ സൃഷ്ടിക്കുന്നു. കർഷകർ, കുടുംബശ്രീ യൂണിറ്റുകൾ, പരമ്പരാഗത തൊഴിലാളികൾ, കരകൗശല വിദഗ്ധർ തുടങ്ങിയവരുടെ ഉൽപ്പന്നങ്ങളും സേവനങ്ങളും വിനോദസഞ്ചാര പാക്കേജുകളുമായി ബന്ധിപ്പിക്കുകയും ഓൺലൈൻ ബുക്കിങ്, ഡിജിറ്റൽ വിപണനം, പ്രദർശന-വിൽപ്പന മേളകൾ എന്നിവയിലൂടെ വിപണി ലഭ്യമാക്കുകയും ചെയ്യുന്നു. കൂടാതെ, പ്രാദേശിക സംരംഭകരെ ടൂറിസം മേഖലയുമായി ബന്ധിപ്പിച്ച് ഹോംസ്റ്റേകൾ, ഫാം ടൂറിസം, തനത് ഭക്ഷണവിതരണം, ടൂർ ഗൈഡിങ്, ഗതാഗതം, സുവനീർ നിർമാണം തുടങ്ങിയ മേഖലകളിൽ തൊഴിലും സംരംഭകാവസരങ്ങളും വർദ്ധിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

**(ഡി)** കേരളത്തിന്റെ തനത് ജീവിതരീതികളും പാരമ്പര്യവും അനുഭവിച്ചറിയാൻ ആഭ്യന്തര, വിദേശ വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിൽ ഈ പദ്ധതിക്ക് എത്രത്തോളം സാധിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ;

**മറുപടി:** കേരളത്തിന്റെ തനത് ജീവിതരീതികളും പാരമ്പര്യവും ആഭ്യന്തര, വിദേശ വിനോദസഞ്ചാരികൾക്ക് നേരിട്ട് അനുഭവിച്ചറിയാൻ അവസരമൊരിക്കുന്നതിലൂടെ വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിന് പുതിയ പദ്ധതി സഹായകമാകും. ഈ പദ്ധതിയിലൂടെ ഗ്രാമീണ ജീവിതം, പരമ്പരാഗത തൊഴിൽമേഖലകൾ, കാർഷിക പ്രവർത്തനങ്ങൾ, തനത് ഭക്ഷണ രീതികൾ, കലകൾ, കരകൗശലവിദ്യകൾ, പ്രകൃതിയുമായി ബന്ധപ്പെട്ട അനുഭവങ്ങൾ എന്നിവ ഉൾപ്പെടുത്തിയ പ്രത്യേക ടൂറിസം പാക്കേജുകൾ ലഭ്യമാണ്. ഔദ്യോഗിക വെബ്സൈറ്റ് വഴിയുള്ള ബുക്കിങ് സൗകര്യവും ഡിജിറ്റൽ വിപണനവും പദ്ധതിയുടെ പ്രചാരം വർധിപ്പിക്കാൻ സഹായിക്കുന്നു. കേരളത്തിലെ വിവിധ ടൂറിസം സംരംഭങ്ങൾ ഗ്രാമീണ മേഖലകളിലേക്ക് വിനോദസഞ്ചാരികളെ ആകർഷിക്കുകയും പ്രാദേശിക ജനവിഭാഗങ്ങൾക്ക് തൊഴിലും വരുമാനവും സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ തന്നെ ഈ പദ്ധതിയിലൂടെയും കൂടുതൽ ആഭ്യന്തര, വിദേശ വിനോദസഞ്ചാരികളുടെ വരവിൽ വർദ്ധനവ് ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

**(ഇ)** സംസ്ഥാനത്തിന്റെ കൂടുതൽ പ്രദേശങ്ങളിലേക്ക് പദ്ധതി വ്യാപിപ്പിക്കുന്നതിനും ഗ്രാമീണ വിനോദസഞ്ചാരത്തെ ശക്തിപ്പെടുത്തുന്നതിനും സർക്കാർ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന തുടർനടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ?

**മറുപടി:** സംസ്ഥാനത്തിന്റെ ടൂറിസം സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തി വിവിധ പ്രദേശങ്ങളിലേക്ക് ഗ്രാമീണ വിനോദസഞ്ചാരം വ്യാപിപ്പിക്കുന്നതിനായി വിവിധ ജില്ലകളിൽ ഗ്രാമീണ ജീവിതം, കാർഷിക പ്രവർത്തനങ്ങൾ, പരമ്പരാഗത തൊഴിൽമേഖലകൾ, തനത് ഭക്ഷണം, കലകൾ, കരകൗശലവിദ്യകൾ, പ്രകൃതി അനുഭവങ്ങൾ എന്നിവ കോർത്തിണക്കിയ ടൂറിസം പാക്കേജുകൾ വികസിപ്പിച്ചിട്ടുണ്ട്. കൂടുതൽ പ്രദേശങ്ങളിൽ ടൂറിസം സാധ്യതകൾ കണ്ടെത്തി പുതിയ അനുഭവപാതകൾ വികസിപ്പിക്കുക, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയും പ്രാദേശിക സമൂഹങ്ങളുടെയും പങ്കാളിത്തം ഉറപ്പാക്കുക, വനിതകൾക്കും യുവജനങ്ങൾക്കും സംരംഭകർക്കും പരിശീലനവും തൊഴിൽ അവസരങ്ങളും നൽകുക, പ്രാദേശിക ഉൽപ്പന്നങ്ങൾക്കും സേവനങ്ങൾക്കും വിപണി ലഭ്യമാക്കുക, ഡിജിറ്റൽ വിപണനവും ഓൺലൈൻ ബുക്കിങ് സൗകര്യങ്ങളും ശക്തിപ്പെടുത്തുക എന്നിവയാണ് തുടർനടപടികളിൽ പ്രധാനപ്പെട്ടവ.

**സെക്ഷൻ ഓഫീസർ**